**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1055 — 14/06/2012-ൽ മറുപടിയ്ക്ക്

**പാലക്കാട് ജില്ലയിൽ എൻ. എച്ച്. 47 വികസനവുമായി ബന്ധപ്പെട്ട് നൽകിയ നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ. കെ. ബാലൻ | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) പാലക്കാട് ജില്ലയിൽ ദേശീയപാത 47-ന്റെ വികസനത്തിന് വടക്കഞ്ചേരി മുതൽ വാണിയമ്പാറ (തരൂർ മണ്ഡലം) വരെ 9 കി. മീ. ദൂരം ഭൂമി വിട്ടു നൽകിയവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന് നിശ്ചയിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് പറയാമോ; | (എ) | നൽകിയിട്ടുണ്ട്. കണ്ണമ്പ്ര 1, കണ്ണമ്പ്ര 2, വടക്കാഞ്ചേരി 1 എന്നീ മൂന്ന് വില്ലേജുകളിലായി 427 കേസുകളിൽ ആർബിട്രേറ്റർകൂടിയായ ജില്ലാ കളക്ടർ നഷ്ടപരിഹാര തുക വർദ്ധിപ്പിച്ച് നൽകി ഉത്തരവായിട്ടുണ്ട്. നാഷണൽ ഹൈവേ ആക്ട് 3 എ (1) നോട്ടിഫിക്കേഷന് 3 വർഷം മുമ്പ് രജിസ്റ്റർ ചെയ്തിട്ടുള്ള പ്രമാണങ്ങളുടെ അടിസ്ഥാന വില മാനദണ്ഡമാക്കിയാണ് നഷ്ടപരിഹാര തുക നിശ്ചയിക്കുന്നത്. |
| (ബി) തൃശ്ശൂർ ജില്ലയിൽ നൽകിയ നഷ്ടപരിഹാരം പാലക്കാട് ജില്ലയിൽ നൽകിയിട്ടില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നിലപാട് എന്താണെന്ന് അറിയിക്കാമോ;<br><br>(സി) ഭൂമി വിട്ടു നൽകിയവർക്കുള്ള നഷ്ടപരിഹാരം രണ്ട് ജില്ലയിലും ഒരേ മാനദണ്ഡപ്രകാരം നൽകാനുള്ള നടപടി സ്വീകരിക്കുമോ ? | (ബി) & (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ കൂടിയ വിലയ്ക്ക് രജിസ്റ്റർ ചെയ്ത ആധാരങ്ങൾ ഉണ്ടായതുകൊണ്ടാണ് ഉയർന്ന അടിസ്ഥാന വില കണക്കാക്കാനും തദ്വാര കൂടിയ നഷ്ടപ്രതിഫലത്തുക ലഭിക്കുവാനും കാരണമായത്. പാലക്കാട് ജില്ലയിൽ ഉയർന്ന വിലയ്ക്ക് രജിസ്റ്റർ ചെയ്ത ആധാരങ്ങൾ അടിസ്ഥാന വില നിർണ്ണയിക്കുന്ന അന്വേഷണ കാലയളവിൽ ലഭിക്കാത്തതിനാൽ തൃശ്ശൂർ ജില്ലയിലെപ്പോലെ ഉയർന്ന വില കണക്കാക്കാനായില്ല. രണ്ട് ജില്ലകളിലും ഒരേ മാനദണ്ഡം അനുസരിച്ചാണ് സ്ഥലവില നിശ്ചയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.